**File No.SJD/1861/2020-E1**

YEARS OF
CELEBRATING
THE MAHATMA

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/1861/2020-E1

തിരുവനന്തപുരം,
തീയതി. 25/05/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സാമൂഹ്യനീതി ഡയറക്ടറുടെ 1/2/2020 ലെ നം .E9-20/2020/Spl നടപടി ക്രമങ്ങൾ

2.കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസറുടെ 19/5/2020 ലെ DSJO/KKD/എ-5307/18 നം നടപടി ക്രമങ്ങൾ

3.സാമൂഹ്യനീതി ഡയറക്ടറുടെ 13/5/2020 ലെ നം.SJD/1673/2020-E1 നടപടി ക്രമങ്ങൾ

4.പാലക്കാട് ജില്ല സാമൂഹ്യനീതി ഓഫീസറിൽ നിന്നും ലഭ്യമായ 18/5/2020 ലെ എ/765/2020 നമ്പർ കത്ത്

5. സ.ഉ(പി)നം.3/2017/ഉ.പ.ഭ.വ.തീയതി.25.02.2017

സാമൂഹ്യനീതി വകുപ്പിന് കീഴിൽ വരുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ വകുപ്പിന് കീഴിലെ വിവിധ കാര്യാലയങ്ങളിൽ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.പി.പരമേശ്വരന് തൃശ്ശൂർ ജില്ല സാമൂഹ്യനീതി ഓഫീസി സ്ഥലംമാറ്റം നൽകുകയുണ്ടായി. ശ്രീ.പരമേശ്വരൻ.പി സേവനത്തിൽ നിന്നും 30/11/2020 ൽ പെൻഷൻ പറ്റി വിരമിയ്ക്കുകയെണെന്നും കേവലം ആറു മാസകാലം കൂടി മാത്രം സേവനം ശേഷിയ്ക്കുന്നതിനാലും ശാരീരിക അസ്വസ്ഥകൾ മൂലം ദീർഘ ദൂര യാത്ര നടത്താൻ സാധിക്കുകയില്ലായെന്നും ആയതിനാൽ കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിൽ തന്നെ നിലനിറുത്തണമെന്നും ചൂണ്ടികാട്ടി ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. സ.ഉ(പി)നം.3/2017/ഉ.പ.ഭ.വ.തീയതി.25.02.2017 ലെ ഖണ്ഡിക 10(xi) പ്രകാരം ശ്രീ.പരമേശ്വരൻ.പി യുടെ അപേക്ഷ പരിഗണിച്ച് ടിയാനെ കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിൽ നിലനിർത്തി ഉത്തരവാകുന്നു.

ഇതോടൊപ്പം പാലക്കാട് ജില്ല സാമൂഹ്യനീതി ഓഫീസിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ .പ്രകാശ്.യുവിന് കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ശാരീരിക അസ്വസ്ഥതകൾ ഉള്ളതിനാൽ പാലക്കാട് ജില്ലയിൽ നിന്നും 375 കിലോമീറ്റർ അകലെയുള്ള കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസിൽ ജോലിയിൽ പ്രവേശിയ്ക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും പ്രായാധിക്യമുള്ള അമ്മയുടെ സംരക്ഷണവും ജീവനക്കാരനാണ് നിർവഹിയ്ക്കുന്നതെന്നും ആയതിനാൽ നിലവിൽ ഒഴിവുള്ള തൃശ്ശൂർ ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിയ്ക്കണമെന്നും പരാമർശം (4) പ്രകാരം ജീവനക്കാരൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ അപേക്ഷകൾ പരിഗണനാർഹമാണ്. ഈ സാഹചര്യത്തിൽ ശ്രീ.പി.പരമേശ്വരന് തൃശ്ശൂർ ജില്ല സാമൂഹ്യനീതി ഓഫീസിലേക്ക് സ്ഥലംമാറ്റം അനുവദിച്ച നടപടി റദ്ദ് ചെയ്തും ശ്രീ.പ്രകാശ്.യു വിന് കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ച സൂചന (3) ലെ ഉത്തരവ്

File No.SJD/1861/2020-E1

ഭേദഗതി വരുത്തി ജീവനക്കാരനെ തൃശ്ശൂർ ജില്ല സാമൂഹ്യനീതി ഓഫീസിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഭേദഗതികളോടെ പരാമർശം ഒന്നിലേയും മൂന്നിലേയും ഉത്തരവുകൾ നില നിൽക്കുന്നതായിരിക്കും.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ല സാമൂഹ്യനീതി ഓഫീസർ, കാസറഗോഡ്/കോഴിക്കോട്/തൃശ്ശൂർ/പാലക്കാട്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്